പ്രവർത്തിക്കുന്നുണ്ട്. ടി ക്ഷേമനിധി ബോർഡുകൾ വഴി പെൻഷൻ, വിവാഹ ധനസഹായം, പ്രസവ ധനസഹായം, മരണാനന്തര ധനസഹായം, അപകടചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു. ടി ബോർഡുകളിൽ അംഗങ്ങളാകുന്ന ഭൂരിഭാഗം തൊഴിലാളികളും ഗ്രാമീണ മേഖലയിൽ പണിയെടുക്കുന്നവരാണ്. ക്ഷേമനിധി ബോർഡുകളിൽ തൊഴിലാളികൾക്ക് അംഗത്വം നൽകുന്നത് ഗ്രാമീണ/നഗര വ്യത്യാസമില്ലാതെ അവരുടെ തൊഴിലിന്റെ സ്വഭാവം കണക്കിലെടുത്താണ്.

(ബി&സി) ലഭ്യമല്ല. അസംഘടിതരായ തൊഴിലാളികളുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പിനുകീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ബോർഡുകളിൽ 75 ലക്ഷത്തോളം അസംഘടിത തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ മാത്രം 485436 തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്.

**മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഗ്രേഡിംഗ് സമ്പ്രദായം**

248(5117) ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെ നിലവാരമുയർത്തി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഗ്രേഡിംഗിനുള്ള മാനദണ്ഡം എന്താണെന്നും ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഉപഭോക്താക്കൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനും തൊഴിലുടമകൾക്കും തൊഴിലാളികൾക്കും കൂടുതൽ പ്രയോജനം ലഭിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ഫാക്ടറീസ് ആക്ട് എന്നിവയ്ക്കുകീഴിൽ വരുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്"

LIBRARY ARCHIVES Kerala Legislative Assembly

1. മികച്ച തൊഴിൽ ദാതാവ്
2. സംതൃപ്തരായ തൊഴിലാളികൾ
3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം
4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം
5. സ്ത്രീ സൗഹൃദ അന്തരീക്ഷം
6. തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ
7. തൊഴിലിടങ്ങളിലെ സുരക്ഷ.

ആദ്യഘട്ടം എന്ന നിലയിൽ ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോസ്പിറ്റലുകൾ, കൺസ്ട്രക്ഷൻ മേഖല, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ജ്യൂവലറികൾ, ഐ.ടി. സ്ഥാപനങ്ങൾ, സെക്യൂരിറ്റി ഏജൻസികൾ എന്നീ മേഖലകളിലാണ് ഗ്രേഡിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) കേരളത്തിലെ വ്യാപാര വ്യവസായ വാണിജ്യ സ്ഥാപനങ്ങളെയും ഫാക്ടറികളെയും അവയുടെ വ്യത്യസ്ത തലങ്ങളിലുള്ള പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ രൂപം നൽകിയ തൊഴിൽ നയത്തിൽ വിഭാവനം ചെയ്യുകയും 2017-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ ഇതുസംബന്ധിച്ച് പ്രഖ്യാപനം നടത്തുകയും ചെയ്തിരുന്നു. നിശ്ചിത മാനദണ്ഡങ്ങൾ ഉപയോഗിച്ച് തൊഴിലുടമയെ വിലയിരുത്തുന്നതിന് ഒരു ചോദ്യാവലി തയ്യാറാക്കിയിട്ടുണ്ട്. ആയത് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് പൂർണ്ണമായും ഓൺലൈനായി തുടർനടപടികൾ സ്വീകരിക്കുന്നതിന് ഒരു സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുണ്ട്. ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ വിശകലനം ചെയ്യുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതല കമ്മിറ്റി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്ക് വജ്ര, സുവർണ്ണ, രജതം എന്നിങ്ങനെ ഗ്രേഡ് നിശ്ചയിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതും ടി സ്ഥാപനങ്ങളെ മാതൃകാ സ്ഥാപനങ്ങളായി പ്രഖ്യാപിക്കുന്നതുമാണ്. തൊഴിലാളികൾക്ക് അർഹമായ സേവനവേതന വ്യവസ്ഥകൾ ലഭ്യമാക്കുന്നതോടൊപ്പം മെച്ചപ്പെട്ട തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഗ്രേഡിംഗ് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly